പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2246 10.10.2011- ലെ മറുപടി

## കാലപ്പഴക്കംചെന്ന ബസ്സുകൾ

ചോദ്യം ഉത്തരം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഫാസ്റ്റ് പാസഞ്ചർ ബസുകളാണ് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കുമോ ; | (എ) | 12 ഫാസ്റ്റ് പാസഞ്ചർ ബസുകളാണ് സർവ്വീസ് നടത്തുന്നത്. |
| (ബി) | പ്രസ്തുത ബസ്സുകളുടെ കാലപ്പഴക്കം എത്രയാണ് ; ഏറെ കാലപ്പഴക്കംചെന്ന ബസ്സുകളായതിനാൽ സർവ്വീസ് സുഗമമായി നടത്തുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ചാത്തന്നൂർ ഡിപ്പോയിലെ ബസ്സുകളുടെ കാലപ്പഴക്കത്തിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ചാത്തന്നൂർ ഡിപ്പോയിലെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് പരമാവധി നാല് വർഷത്തെ കാലപ്പഴക്കം മാത്രമേയുള്ളൂ. പ്രസ്തുത ബസ്സുകളുടെ കാലപ്പഴക്കം നിമിത്തം സുഗമമായി സർവ്വീസ് നടത്താൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഓർഡിനറി ബസ്സുകളുടെ എണ്ണവും കാലപ്പഴക്കവും അറിയിക്കുമോ ; ഏറെ പഴക്കംചെന്ന ബസ്സുകൾ പ്രസ്തുത ഡിപ്പോയിൽ ഉണ്ടെന്ന വിവരം പരിഗണിച്ച് കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ സന്നദ്ധമാകുമോ ; | (സി) | ചാത്തന്നൂർ ഡിപ്പോയിലെ ഓർഡിനറി ബസ്സുകളുടെ കാലപ്പഴക്കത്തിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. പഴയ ബസ്സുകൾ പിൻവലിക്കുന്ന മുറയ്ക്ക് പുതിയ ബസ്സുകൾ പകരം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി തുടങ്ങിയ ബസ്സുകൾക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കാലപ്പഴക്കം നിശ്ചയിക്കുന്നതെന്ന് അറിയിക്കുമോ ? | (ഡി) | കേരളാ മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് അഞ്ച് വർഷവും, ഓർഡിനറി ബസ്സുകൾക്ക് 15 വർഷവുമാണ് കാലപ്പഴക്കത്തിന്റെ മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നത്. ഈ വ്യവസ്ഥകൾ തന്നെയാണ് കെ.എസ്.ആർ.ടി.സി.യും പാലിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്